©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 7 / Vol. VII | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2018 ജനുവരി 23 / 23rd January 2018 | 1193 മകരം 9 / 9th Makaram 1193 | 1939 മാഘം 3 / 3rd Magha 1939 | നമ്പർ / No. 4

## PART III

# Dairy Development Department

REGISTRATION CERTIFICATE

No. A5-2513/2017. *12th December 2017.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the undermentioned Society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ പേര്—ചിറക്കര ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം നമ്പർ ക്യു. 352 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—12-12-2017.
3. മേൽവിലാസം—ചിറക്കര ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു. 352 (ഡി) ആപ്കോസ്, കല്ലുവാതുക്കൽ ജംഗ്ഷൻ, കല്ലുവാതുക്കൽ പി. ഒ.
4. പോസ്റ്റാഫീസ്—കല്ലുവാതുക്കൽ
5. താലൂക്ക്—കൊല്ലം.
6. ജില്ല—കൊല്ലം.
7. ബ്ലോക്ക്—ഇത്തിക്കര.
8. പ്രവർത്തന പരിധി—വടക്ക് എൻ. എച്ച്.-ൽ കല്ലുവാതുക്കൽ ജംഗ്ഷൻ മുതൽ പാറ ജംഗ്ഷൻ, കിഴക്ക് കല്ലുവാതുക്കൽ മീനമ്പലം റോഡിൽ ശാസ്ത്രിമുക്ക്, തെക്ക് ചിറക്കര പുന്നാംകോണം ഏല, ചിറക്കര പഞ്ചായത്ത്, പടിഞ്ഞാറ് ചിറക്കര പഞ്ചായത്ത് അതിർത്തി എന്നീ പ്രദേശങ്ങൾ ആയിരിക്കും.
9. ഓഹരി മൂലധനം—` 2,00,000.
10. ആസ്ഥാനം—കല്ലുവാതുക്കൽ ജംഗ്ഷൻ.
11. ബാദ്ധ്യത—ക്ലിപ്ത ബാദ്ധ്യത.
12. പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.
13. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, നിശ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ തുകയിൽ നിന്നും നിശ്ചിതമായ നഷ്ടങ്ങൾ കുറച്ചാലുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീര വികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കൊല്ലം.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.



Gaz. No. 4/2018/DTP (Dairy Development).

REGISTRATION CERTIFICATE

No. E-1003/2017. *28th December 2017.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the undermentioned Society is also hereby registered under the said section.

<u>തരംതിരിച്ചുള്ള പട്ടിക</u>

1. സംഘത്തിന്റെ പേര്—അരൂർ സെൻട്രൽ ക്ഷീരസഹകരണ ക്ലിപ്തം നമ്പർ എ. 291 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—28-12-2017.
3. മേൽവിലാസം—അരൂർ സെൻട്രൽ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എ 291 (ഡി) ആപ്കോസ്.
4. പോസ്റ്റ് ഓഫീസ്—അരൂർ പി. ഒ.
5. താലൂക്ക്—ചേർത്തല.
6. ജില്ല—ആലപ്പുഴ.
7. പ്രവർത്തന പരിധി—അരൂർ പഞ്ചായത്തിലെ 4, 17 വാർഡുകൾ പൂർണ്ണമായി വരുന്നതും കിഴക്ക് വേമ്പനാട്ട് കായൽ, പടിഞ്ഞാറ് കുമ്പളങ്ങി കായൽ, തെക്ക് അരൂക്കുറ്റി ഫെറി, കെൽട്രോൺ റോഡ്, വടക്ക് കോട്ടപ്പുറം റോഡ് ഉൾപ്പെടുന്ന പ്രദേശം.
8. ബാദ്ധ്യത—ക്ലിപ്തം.
9. പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.
10. അംഗീകൃത ഓഹരി മൂലധനം—` 1,00,000.
11. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടേയും നിക്ഷേപങ്ങളുടേയും ആകെ തുക ഓഹരി മൂലധനം, സഞ്ചിതമായ കരുതൽധനം, കെട്ടിടനിധി എന്നിവയുടെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കഴിച്ചുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം,
ആലപ്പുഴ.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.

എറണാകുളം ജില്ലാ ക്ഷീരവികസന വകുപ്പ്
ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ: ജോസ് ജേക്കബ്)

നമ്പർ സി2-3743/2016. 2017 ഡിസംബർ 27.

<u>വിഷയം:</u>—ക്ഷീര വികസന വകുപ്പ്—എറണാകുളം—കക്കാട്ടൂർ ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ. 289 (ഡി)—ആപ്കോസ് സമാപ്തീകരിക്കുന്നതിനായി കേരള സഹകരണ സംഘം നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററായി കോതമംഗലം ക്ഷീരവികസന ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

<u>പരാമർശം:</u>—(1) കോതമംഗലം ഡയറി ഫാം ഇൻസ്പെക്ടർ-1-ന്റെ സെക്ഷൻ 66 പ്രകാരമുള്ള എൻക്വയറി റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 4-1-2017-ലെ സി2-4667/2016 നമ്പർ കത്ത്.

(3) ERCMPU- മാനേജിംഗ് ഡയറക്ടറുടെ 24-1-2017-ലെ EU:P &I : LQDN: 2017/398 നമ്പർ കത്ത്.

കോതമംഗലം ബ്ലോക്കിലെ കക്കാട്ടൂർ ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നമ്പർ E 289(D) Apcos 29-1-2000-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും രണ്ട് വർഷത്തോളം പ്രവർത്തിച്ചശേഷം പ്രവർത്തനം നിലച്ചിട്ടുള്ളതാണെന്നും സംഘത്തിന്റെ രേഖകൾ ആരും തന്നെ സൂക്ഷിച്ചിട്ടില്ലെന്നും സംഘം പുനരുദ്ധരിക്കാൻ സാദ്ധ്യതയില്ലെന്നും ഒന്നാം പരാമർശ പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം പരാമർശ പ്രകാരം ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ മേഖലാ യൂണിയൻ എന്നിവയ്ക്ക് അഭിപ്രായം അറിയിക്കുവാൻ കത്ത് നൽകുകയും മൂന്നാം പരാമർശ പ്രകാരം മേഖലാ യൂണിയന് 2000-01, 2001-02 വർഷങ്ങളിലെ ആഡിറ്റ് നടത്തിയ ഇനത്തിൽ ` 2,623 ലഭിക്കുവാനുണ്ട് എന്ന് അറിയിച്ചിട്ടുള്ളതുമാണ്. ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ എന്നിവിടങ്ങളിൽ നിന്നും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലാത്തതുമാകുന്നു. മേൽ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969-ലെ കേരള സഹകരണ സംഘം നിയമം 71(2) പ്രകാരം സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

**ഉത്തരവ്**

മേൽ സാഹചര്യത്തിൽ കക്കാട്ടൂർ ക്ഷീരോൽപാദക സഹകരണസംഘം ക്ലിപ്തം നമ്പർ E 289(D) Apcos-ൽ 1969-ലെ കേരള സഹകരണ സംഘം നിയമം 72 (1) വകുപ്പനുസരിച്ച് കോതമംഗലം ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്ററുടെ

കാലാവധി ഈ ഉത്തരവ് തീയതി മുതൽ പന്ത്രണ്ട് മാസം ആയിരിക്കുന്നതും നിശ്ചിത കാലാവധിക്കകം സംഘത്തിന്റെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി ക്രമീകരിക്കേണ്ടതും ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കി പ്രസ്തുത വിവരങ്ങൾ രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
എറണാകുളം. ഡെപ്യൂട്ടി ഡയറക്ടർ.

---

## വിജ്ഞാപനം

[1969-ലെ 21-ാം നമ്പർ കേരള സഹകരണ സംഘം ചട്ടം 69(2) പ്രകാരം]

നമ്പർ 91/2017. 2017 ഡിസംബർ 8.

ആർ. 282(ഡി) കാതിയാളം ക്ഷീരോല്പാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം 1969-ലെ 21-ാം നമ്പർ ആക്റ്റിലെ 71(2) വകുപ്പ് അനുസരിച്ച് സമാപ്തീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. തൃശ്ശൂർ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ 15-3-2016-ാം തീയതിയിലെ സി. 4385/14 നമ്പർ ഉത്തരവനുസരിച്ച് 1969-ലെ 21-ാം നമ്പർ ആക്റ്റ് 72(1) വകുപ്പ് പ്രകാരം കൊടുങ്ങല്ലൂർ ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ആർ. 282(ഡി) കാതിയാളം ക്ഷീരോല്പാദക സഹകരണസംഘത്തെ സംബന്ധിച്ച് എല്ലാ അവകാശ വാദങ്ങളും താഴെ പേരെഴുതി ഒപ്പിടുന്ന ഉദ്യോഗസ്ഥനെ നേരിട്ടോ അധികാരപ്പെടുത്തിയ ഏജന്റ് മുഖാന്തിരമോ ഈ നോട്ടീസ് പരസ്യം ചെയ്ത തീയതി മുതൽ 2 മാസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ് എന്ന് സകലമാനപേരെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)
ക്ഷീരവികസന ലിക്വിഡേറ്റർ,
ഓഫീസറുടെ കാര്യാലയം, ക്ഷീരവികസന ഓഫീസർ,
മിനി സിവിൽ സ്റ്റേഷൻ, ക്ഷീരവികസന യൂണിറ്റ്,
കൊടുങ്ങല്ലൂർ. കൊടുങ്ങല്ലൂർ.

## REGISTRATION CERTIFICATE

No. C-3982/2015. *18th December 2017.*

I do hereby certify in exercise of the powers conferred on me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which is furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the under mentioned Society is also hereby registered under the said section.

തരംതിരിച്ചുള്ള പട്ടിക

1. സംഘത്തിന്റെ പേരും നമ്പരും—തെക്കൻ കുറ്റൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 300 (ഡി) ആപ്കോസ്.
2. രജിസ്റ്റർ ചെയ്ത തീയതി—18-12-2017.
3. മേൽവിലാസം—തെക്കൻ കുറ്റൂർ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 300 (ഡി) ആപ്കോസ്.
4. പോസ്റ്റ് ഓഫീസ്—തെക്കൻ കുറ്റൂർ
5. താലൂക്ക്—തിരൂർ.
6. ജില്ല—മലപ്പുറം.
7. പ്രവർത്തന പരിധി—പ്രവർത്തന മേഖല.

   തലക്കാട് ഗ്രാമപഞ്ചായത്തിലെ 7, 8 വാർഡുകൾ ഉൾപ്പെട്ട കിഴക്ക് തിരുനാവായ പഞ്ചായത്ത് അതിർത്തി, തെക്ക്-കുറ്റൂർ കായൽനിലം, പടിഞ്ഞാറ് ഇന്ദിരാ നഗർ റോഡ്, വടക്ക് കുറ്റൂർ തോട്, വളവനൂർ പഞ്ചായത്ത് അതിർത്തി എന്നീ അതിർത്തിക്കുള്ളിൽ വരുന്ന പ്രദേശങ്ങൾ.
8. ബാദ്ധ്യത—അടച്ചു തീർത്ത ഓഹരിക്ക് തുല്യം.
9. പ്രധാന ഉദ്ദേശങ്ങൾ—പാൽ സംഭരണവും വിതരണവും.
10. അംഗീകൃത ഓഹരി മൂലധനം—` 1,00,000.
11. സംഘത്തിന് ആകെ വാങ്ങാവുന്ന കടം—വായ്പകളുടെയും നിക്ഷേപങ്ങളുടെയും ആകെ തുക, ഓഹരി മൂലധനം, സഞ്ചിതമായ കരുതൽ ധനം, കെട്ടിടനിധി എന്നിവയുടെ തുകയിൽ നിന്നും സഞ്ചിതമായ നഷ്ടങ്ങൾ കുറച്ചിട്ടുള്ള തുകയുടെ പത്തിരട്ടിയിൽ കവിയാൻ പാടുള്ളതല്ല.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ ഓഫീസ്, (ഒപ്പ്)
മലപ്പുറം. ഡെപ്യൂട്ടി ഡയറക്ടർ.